DDP-IDK/10243/2022-A1

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ഇടുക്കി, തീയതി: **09/03/2023**

ddpidukki@gmaill.com, Phone:0486 295011

## ഹ്രസ്വകാല ദർഘാസ് പരസ്യം

ഇടുക്കി ഡിപിആർസി ബിൽഡിംഗ്, കുയിലിമല, പൈനാവിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2023 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയോ അല്ലെങ്കിൽ സർക്കാരിൽ നിന്ന് പുതിയ ഓഫീസ് വാഹനം ലഭ്യമാകുന്നതു വരെയോ ,ഏതാണോ കുറവ് കാലയളവ് അതുവരെ, എസി കാർ /ജീപ്പ് ഡ്രൈവർ ഉൾപ്പെടെ പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1. | ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഇടുക്കി, കുയിലിമല, പൈനാവ് പി.ഒ. |
| 2. | ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാനതീയതി | 21.03.2023 2 പിഎം വരെ |
| 3. | ക്വട്ടേഷൻ തുറക്കുന്ന തീയതി | 21.03.2023 3 പിഎം |

വ്യവസ്ഥകൾ

1. ഒരുമാസം 1500 കി.മീ. ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധികനിരക്ക് കണക്കാക്കുന്നത് 3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 4500 കി.മീ. അധികരിക്കുമ്പോഴായിരിക്കും. ആയതിന് 1500 കി.മീ കഴിയുന്ന ഓരോ കി.മീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമകരാർ വയ്ക്കേണ്ടതാണ്.

3. ഇന്ധനചെലവ്, വാഹനത്തിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ വേതനം, വാഹനത്തിന്റെ ടാക്സ് ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.

4. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാരേഖകളും ഉണ്ടായിരിക്കേണ്ടതും, ആയതിന്റെ പകർപ്പ് ക്വട്ടേഷനിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

5. ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ വാഹന ഉടമയുമായുള്ള കരാർ 7 ദിവസം മുമ്പ് നോട്ടീസ് നൽകി റദ്ദു ചെയ്യുവാനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

6. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 3 വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം.

7. കരാറുകാരന് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.

8. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 2% തുക റ്റിഡിഎസ് ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.

9. ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് ഡയറക്ടറുടെ ഫിനാൻഷ്യൽ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമായി അംഗീകരിക്കുകയുള്ളൂ.

10. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

11. അവധിദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതുമാണ്.

12. കരാർ സമയത്ത് അംഗീകരിക്കുന്ന റേറ്റിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവിലവർദ്ധനവ് പരിഗണിക്കുന്നതല്ല.

13. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

14. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാഫാറത്തിൽ നൽകേണ്ടതാണ്.

ക്വട്ടേഷൻ വ്യവസ്ഥകൾക്ക് മാറ്റം വരുത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തനദിവസങ്ങളിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്ന് അറിയാവുന്നതാണ്.

JOSEPH
SEBASTIAN
DEPUTY DIRECTOR OF PANCHAYATH

Signature Not Verified

Digitally signed by JOSEPH
SEBASTIAN
Date: 2023.03.09 16:07:06 IST
Reason: Approved